# STD - X

## അദ്ധ്യാപക സഹായി

**പാഠം - എട്ട്** **ഭാഗം - ഒന്ന്**

## സൗഖ്യദായകകൂദാശകൾ
## (അനുരഞ്ജനം, രോഗീലേപനം)

### ലക്ഷ്യം

യേശുക്രിസ്തു തന്റെ സുഖപ്പെടുത്തലിന്റെയും രക്ഷയുടെയും പ്രവൃത്തി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സഭയിൽ എന്നും തുടരുന്നതിനുവേണ്ടിയാണ് സൗഖ്യദായക കൂദാശകളായ അനുരഞ്ജനവും രോഗീലേപനവും സ്ഥാപിച്ചത്.

സൗഖ്യദായകകൂദാശകൾ സ്വീകരിച്ച് പാപമോചനവും രോഗസൗഖ്യവും നേടി നിത്യ രക്ഷ അവകാശമാക്കാൻ ഞാൻ ശ്രമിക്കും.

### പഠനസഹായികൾ

* കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (Page No. 361-387)
* വി. ജോൺമരിയ വിയാന്നി - അനുദിന വിശുദ്ധൻ
* ധൂർത്തുപുത്രന്റെ ഉപമ - ലൂക്കാ. 15:11-32
* യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസിന്റെ മാനസാന്തരം
* Youcat - Qn. No. 224-238
* കൂദാശകളുടെ രഹസ്യം (Page No. 224-226 & 257-271)
* CCC - 1457, CCC 1496
* വചനം - 1 പത്രോ. 5:8-9; റോമ. 3:23; 1 യോഹ. 1:8-9; മർക്കോ. 1:15; സങ്കീ. 51:17; പുറ. 34:7; സങ്കീ. 99:8; സങ്കീ. 103:3; മർക്കോ. 2:7,11; ലൂക്കാ. 15:21; ലൂക്കാ. 19:8; ലൂക്കാ. 5:8; യാക്കോ. 5:16; യോഹ. 8:11

### പാഠത്തിന്റെ ഉള്ളടക്കം

* ക്രിസ്തുശിഷ്യരായ നമ്മുടെ ഉത്ഭവ പാപവും വ്യക്തിപരമായ പാപവും ക്ഷമിക്കപ്പെടുന്നത് പ്രാരംഭകൂദാശകളായ ജ്ഞാനസ്നാനത്തിലൂടെയാണ്. എന്നാൽ ജ്ഞാനസ്നാനത്തിലൂടെ ഉത്ഭപാപം നീങ്ങിയാലും പാപം ചെയ്യാനുള്ള പ്രവണത നമ്മിൽ വർധിച്ചുവരുന്നതായി കാണുന്നു. പത്രോശ്ലീഹ തന്റെ ലേഖനത്തിൽ നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു. വിശ്വാസത്തിൽ ഉറച്ച്

നിന്നുകൊണ്ട് അവനെ എതിർക്കുവാൻ (1 പത്രോ. 5–8,9) നമ്മെ ഓർമ്മിപ്പിക്കുന്നു.

* പാപത്തിന്റെ സാർവത്രികത – പരസ്യജീവിതകാലത്ത് പാപങ്ങൾ മോചിച്ചും സൗഖ്യം നൽകിയും കടന്നുപോയ യേശുക്രിസ്തു, തന്റെ സുഖപ്പെടുത്തലിന്റെയും രക്ഷയുടെയും പ്രവൃത്തി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സഭയിൽ എന്നും തുടരുന്നതിനുവേണ്ടയാണ്, സൗഖ്യദായ കൂദാശകളായ അനുരഞ്ജനവും രോഗീലേപനവും സ്ഥാപിച്ചത്.
* പാപം തീർക്കുന്ന ഭിന്നതകൾ – പ്രധാനമായും നാലുതരത്തിലുള്ള ഭിന്നതകളാണ് പാപംമൂലം സൃഷ്ടിക്കപ്പെടുന്നത്: (1) ദൈവ-മനുഷ്യബന്ധത്തിലുള്ള ഭിന്നത (2) മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഭിന്നത (3) വ്യക്തിയിൽതന്നെയുള്ള ഭിന്നത (4) മനുഷ്യനും പ്രകൃതിയുമായുള്ള ഭിന്നത.
* അനുരഞ്ജനം – രണ്ടു കൂദാശകളാണ് സൗഖ്യദായകമായ കൂദാശകളിൽപ്പെടുന്നത്. അതിൽ ഒന്നാമത്തേത് കുമ്പസാരം അഥവാ അനുരഞ്ജനം. ഇവിടെ കുമ്പസാരത്തിനുമുമ്പ് നമ്മൾ മനസ്സിലാക്കിയിരിക്കേണ്ട പ്രധാന പോയിന്റാണ് മാനസാന്തരം.

  പാപം സൃഷ്ടിക്കുന്ന ദുരവസ്ഥയിൽനിന്ന് ദൈവത്തിങ്കലേക്കുള്ള ഒരുവന്റെ ഹൃദയപരിവർത്തനമാണ് മാനസാന്തരം. മാനസാന്തരത്തെ സൂചിപ്പിക്കുന്ന ഗ്രീക്കുപദമാണ് 'മെത്തനോയിയ' (Metanoia). ബാഹ്യാചാരമായി പരിഗണിക്കുന്ന ചാക്കുധരിക്കലും ചാരംപൂശലും ഉപവാസവും പരിത്യാഗവുമല്ല, മറിച്ച് ഹൃദയത്തിന്റെ പരിവർത്തനം അഥവാ ആന്തരിക അനുതാപമാണ് മാനസാന്തരം.
* അനുരഞ്ജന കൂദാശയിലെ മാനസാന്തരത്തെ നമുക്ക് ഇങ്ങനെ നിർവചിക്കാം:

  പൂർണ ഹൃദയത്തോടെ ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവാണ്.

  പാപത്തിൽനിന്നുള്ള പിന്തിരിയലാണ്.

  നാം ചെയ്തിട്ടുള്ള തിന്മപ്രവൃത്തികളോടുള്ള വെറുപ്പും തിന്മയിൽ നിന്നുള്ള അകൽച്ചയുമാണ്.

  അറ്റുപോയ ബന്ധങ്ങളുടെ പുനഃസ്ഥാപനമാണ്
* പാപമോചനാധികാരം – ഉത്ഥിതനായ ക്രിസ്തു ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "പിതാവ് എന്നെ അയച്ചതുപോലെ, ഞാൻ നിങ്ങളെയും അയയ്ക്കുന്നു....നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ, അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ. 20:21–23). അപ്പസ്തോലന്മാരിലൂടെ ലഭിച്ച പാപമോചനാധികാരം അനുരഞ്ജന കൂദാശവഴി സഭ ഇന്നും തുടർന്നുപോരുന്നു. കുമ്പസാരക്കൂട്ടിലിരിക്കുന്ന വൈദികൻ ഈ അധികാരമുപയോഗിച്ചാണ് പാപമോചനം നൽകുന്നത്.
* അനുതാപിയുടെ പ്രവൃത്തികൾ : കുമ്പസാരം എന്ന കൂദാശ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ ഒരു അനുതാപിക്ക് വേണ്ട പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ – (1) മനസ്താപം (2) ഏറ്റുപറച്ചിൽ (3) പ്രായശ്ചിത്തം

* മനസ്താപം - ആത്മാവിന്റെ ദുഃഖവും, ചെയ്ത പാപങ്ങളോടും പാപസാഹചര്യങ്ങളോടുമുള്ള വെറുപ്പും, വീണ്ടും പാപം ചെയ്യുകയില്ലെന്നും പാപസാഹചര്യങ്ങൾ ഉപേക്ഷിക്കുമെന്നുമുള്ള പ്രതിജ്ഞയുമാണ് മനസ്താപം.
* ഏറ്റുപറച്ചിൽ - അനുരഞ്ജന കൂദാശയുടെ സത്താപരമായ ഒരു ഘടകമാണ് ഏറ്റുപറച്ചിൽ. അനുതാപികൾ നടത്തുന്ന ആത്മപരിശോധനയ്ക്കുശേഷം തങ്ങൾ ചെയ്തിട്ടുണ്ടെന്നു ബോധ്യമുള്ള ലഘുപാപങ്ങളുൾപ്പെടെ കുമ്പസാരത്തിൽ ഏറ്റുപറയണം.
* എന്തുകൊണ്ട് പാപങ്ങൾ വൈദികനോട് ഏറ്റുപറയണം?

  ഒരുവന്റെ പാപം ദൈവ-മനുഷ്യബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നതുകൊണ്ട് ദൈവ-മനുഷ്യബന്ധങ്ങളുടെ മധ്യസ്ഥനായി ക്രിസ്തുവാൽ നിയുക്തനും സഭയുടെ പ്രതിനിധിയുമായ വൈദികൻ തന്നെയാണ് പാപസങ്കീർത്തനം ശ്രവിക്കാൻ ഏറ്റവും ഉചിതനായ വ്യക്തി. അനുരഞ്ജന കൂദാശയിൽ പാപമോചനവും അനുരഞ്ജനവും സാധ്യമാകുന്നത് വൈദികന്റെ യോഗ്യതയാലല്ല, യേശു നൽകിയ പാപമോചന അധികാരത്താലാണ്.
* പ്രായശ്ചിത്തം - പാപത്തിൽനിന്ന് മോചിപ്പിക്കപ്പെട്ടെങ്കിലും പാപി തന്റെ ആദ്ധ്യാത്മികാരോഗ്യം പൂർണമായി വീണ്ടെടുത്തിട്ടില്ല. തന്റെ പാപാവസ്ഥയിൽ നിന്നുമാറി രമ്യതയുടെ പുതിയ ജീവിതം നയിക്കാൻ കുമ്പസാരിച്ച വ്യക്തി തീരുമാനിക്കുമ്പോൾ തകർന്ന ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി വൈദികൻ നിർദ്ദേശിക്കന്ന അനുഷ്ഠാനങ്ങളാണ് പ്രായശ്ചിത്ത പ്രവൃത്തികൾ
* അനുരഞ്ജനവും കൗൺസലിംഗും - കൗൺസലിംഗ് ഇന്ന് സർവസാധാരണമായതോടെ കുമ്പസാരത്തിനുപകരം കൗൺസലിംഗ് മതി എന്ന തെറ്റായ ചിന്ത വളർന്നിട്ടുണ്ട്. കുമ്പസാരമെന്ന കൂദാശയെ ഒരിക്കലും കൗൺസലിംഗുമായി താരതമ്യപ്പെടുത്തുവാൻ സാധ്യമല്ല. കൗൺസലിംഗിൽ ഒരിക്കലും പാപമോചനമോ കൃപയുടെ നിറവോ സംഭവിക്കുന്നില്ല

## പ്രാർത്ഥന

നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ (യാക്കോ. 5:16) എന്ന് വിശുദ്ധ യാക്കോബിലൂടെ അരുൾ ചെയ്ത യേശുവേ, ഞങ്ങൾ മനസ്തപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് അനുരഞ്ജന കൂദാശയിലൂടെ വിശുദ്ധിയിൽ ജീവിക്കുവാനുള്ള കൃപാവരം നൽകണമേ.

## ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് പാപങ്ങൾ വൈദികനോട് ഏറ്റുപറയണം എന്നു പറയുന്നത്? വിശദീകരിക്കുക.
2. അനുരഞ്ജന കൂദാശയുടെ പ്രത്യേകതകളും ഫലങ്ങളും വിവരിക്കുക

3. കുമ്പസാരം എന്ന കൂദാശ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ വേണ്ടി, ഒരു അനുതാപിക്ക് ഉണ്ടായിരിക്കേണ്ട അത്യാവശ്യമായ മൂന്നു കാര്യങ്ങൾ വിവരിക്കുക.
4. CCC - 1457 ൽ എന്തിനെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്? പാപമോചനാധികാരം ആർക്കാണ് ഉള്ളത്?
5. അനുരഞ്ജനവും കൗൺസലിംഗും തമ്മിലുള്ള വ്യത്യാസം എന്ത്?

## STD - X

### അദ്ധ്യാപക സഹായി

**പാഠം – എട്ട്** **ഭാഗം – രണ്ട്**

## സൗഖ്യദായകകൂദാശകൾ

## (രോഗീലേപനം)

### ലക്ഷ്യം

യേശുക്രിസ്തു തന്റെ സുഖപ്പെടുത്തലിന്റെയും രക്ഷയുടെയും പ്രവൃത്തി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സഭയിൽ എന്നും തുടരുന്നതിനുവേണ്ടിയാണ് സൗഖ്യദായക കൂദാശകളായ അനുരഞ്ജനവും രോഗീലേപനവും സ്ഥാപിച്ചത്.

രോഗികൾക്ക് ആശ്വാസവും സൗഖ്യവും നൽകുന്ന കൂദാശയാണിത്. ആദ്ധ്യാത്മിക രോഗശാന്തിയും, പാപമോചനവും ഈ കൂദാശ സ്വീകരണത്തിലൂടെ ലഭിക്കുന്നു. ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും, അത് സമൃദ്ധമായി ഉണ്ടാകാനുമാണ് (യോഹ. 10:10) എന്ന വചനത്താൽ യേശു തുടങ്ങിവച്ച രോഗശാന്തി ശുശ്രൂഷ സഭയിലൂടെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. എല്ലാ കിടപ്പുരോഗികളെയും ഞാൻ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

### പഠനസഹായികൾ

* Youcat - Qn. No. 240-247
* വചനം – മർക്കോ. 7:33–34; മത്താ. 9:12; മർക്കോ.1:40–42 (കുഷ്ഠരോഗി), മർക്കോ. 10:46–52 (അന്ധനായ ബർത്തിമേയൂസ്), മർക്കോ. 5:25–34 (രക്തസ്രാവക്കാരി), മത്താ. 15:21–28 (കാനാൻകാരിയുടെ വിശ്വാസം), യോഹ. 10:10; യാക്കോ. 5:14–15
* CCC -320

### പാഠത്തിന്റെ ഉള്ളടക്കം

* നമുക്ക് മറക്കാതിരിക്കാം: വീണ്ടും വീണ്ടും പാപം ചെയ്യാനുള്ള ലൈസൻസല്ല കുമ്പസാരം................... മാരകമായ പാപം ചെയ്തിട്ടുള്ള വ്യക്തി പാപപ്പൊറുതി നേടാതെ ദിവ്യകാരുണ്യം സ്വീകരിക്കരുത്.
* രോഗീലേപനം: രോഗികളെ സൗഖ്യപ്പെടുത്തി അവർക്ക് ശാരീരികവും ആത്മീയവുമായ ശക്തിപകരുന്ന ക്രിസ്തുവിന്റെ ചിത്രം സുവിശേഷത്തിലുടനീളം കാണാവുന്നതാണ്. യേശു പ്രവർത്തിച്ച അത്ഭുതങ്ങളിൽ ഏറിയ പങ്കും രോഗശാന്തിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഓരോ രോഗിയെയും വ്യക്തിപരമായി മനസ്സിലാക്കുകയും

പരിചരിക്കുകയും ചെയ്യുന്ന ദിവ്യവൈദ്യനാണ് ക്രിസ്തു. പാപികളും ബലഹീനരും രോഗികളുമായ എല്ലാവർക്കും ആവശ്യമുള്ള ഭിഷഗ്വരനാണ് യേശു. അവിടുന്ന് നമ്മെ ഉദ്ബോദിപ്പിക്കുന്നു: "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം" (മത്താ. 9:12)

* രോഗങ്ങൾ പാപത്തിനുള്ള ശിക്ഷയല്ല: ഒരിക്കൽ യേശു കടന്നുപോകുമ്പോൾ, ജന്മനാ അന്ധനായിരുന്ന ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു: "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്. ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? യേശു മറുപടി പറഞ്ഞു: "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല. പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ് (യോഹ. 9:1-3).

* രോഗശാന്തിക്ക്: ദൈവത്തിന്റെ കാരുണ്യവും മനുഷ്യരുടെ വിശ്വാസവും.

  രോഗസൗഖ്യം യേശുവിന്റെ കരുണയുടെയും കരുതലിന്റെയും അടയാളമാണ്. രോഗം സുഖപ്പെടുത്താൻ മാത്രമല്ല, പാപങ്ങൾ മോചിപ്പിക്കാനുള്ള അധികാരവും യേശുവിനുണ്ടായിരുന്നു. മനുഷ്യനെ പൂർണമായും, ആന്തരികമായും ശാരീരികമായും സുഖപ്പെടുത്തുകയായിരുന്നു അവിടുത്തെ ലക്ഷ്യം. യേശുവിന് രോഗികളോടു തോന്നിയ കരുണയുടെ അനന്തരഫലമാണ് രോഗസൗഖ്യങ്ങളെല്ലാം.

* രോഗശാന്തി സഭയിൽ: യേശുവിന്റെ ജീവദായകദൗത്യത്തിന്റെ തുടർച്ചയാണ് രോഗീപരിപാലനവും രോഗശാന്തിയും. "നിങ്ങളിലാരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. (യാക്കോ. 5:14-15).

* തിരുപ്പാഥേയം: ഭൗമിക ജീവിതത്തിനുശേഷം നിത്യജീവനിലേക്കു കടക്കാനൊരുങ്ങുന്നവർ സ്വീകരിക്കുന്ന വിശുദ്ധ കുർബാനയാണ് തിരുപ്പാഥേയം. ഇത് നിത്യജീവന്റെ വിത്തും ഉത്ഥാനത്തിന്റെ ശക്തിയുമാണ് (CCC - 320).

* കൂദാശയുടെ ആഘോഷം: രണ്ടു പ്രധാന കർമ്മങ്ങൾ ഉൾപ്പെടുന്നതാണ് രോഗീലേപന ശുശ്രൂഷ (1) രോഗികൾക്കുവേണ്ടി ശ്രേഷ്ഠന്മാർ നടത്തുന്ന സഭയുടെ ഔദ്യോഗിക പ്രാർത്ഥന (2) തൈലാഭിഷേകം

* രോഗീലേപന കൂദാശയുടെ ഫലങ്ങൾ:

  ആധ്യാത്മിക രോഗശാന്തിയും പാപമോചനവും ശാരീരിക സൗഖ്യവും പ്രദാനം ചെയ്യുന്നു.

  രോഗിക്ക് അനുതാപകൂദാശയിലൂടെ പാപമോചനം നേടാൻ സാധിച്ചിട്ടില്ലെങ്കിൽ രോഗീലേപനകൂദാശയിലൂടെ പാപമോചനവും സാധ്യമാണ്.

  രോഗീലേപനം സ്വീകരിക്കുന്നയാൾ ക്രിസ്തുവിന്റെ പീഡാസഹനത്തോടും മരണത്തോടുതന്നെയും സ്വതന്ത്രമനസ്സാലെ ചേർത്തുകൊണ്ട് ദൈവജനത്തിന്റെ നന്മയ്ക്കു സഹായിക്കുന്നു.

ജ്ഞാനസ്നാനവേളയിൽ ക്രിസ്തുവിന്റെ മരണത്തോടും തിരുവുത്ഥാനത്തോടും കൂടെ നമ്മൾ തുടങ്ങിയ അനുരൂപപ്പെടൽ രോഗീലേപനത്തിൽ പൂർത്തീകരിക്കപ്പെടുന്നു.

* നമുക്ക് മറക്കാതിരിക്കാം :

മരണാസന്നർക്കുവേണ്ടി മാത്രമുള്ള കൂദാശയല്ല രോഗീലേപനം. രോഗാവസ്ഥയിലായിരിക്കുന്ന വിശ്വാസികളേവർക്കും ഇതു സ്വീകരിക്കാവുന്നതാണ്.

രോഗീലേപനം സ്വീകരിച്ച ഒരു വ്യക്തി ആരോഗ്യം വീണ്ടെടുക്കുകയും പിന്നീട് ഗുരുതരമായ രോഗാവസ്ഥയിൽ എത്തിച്ചേരുകയും ചെയ്താൽ, ഈ കൂദാശ വീണ്ടും സ്വീകരിക്കാവുന്നതാണ്.

രോഗീലേപന കൂദാശ വൈദ്യസഹായത്തിനു പകരമുള്ളതല്ല. ശരീരത്തിനാവശ്യമായ മരുന്നുകൾ ഉപയോഗിക്കുന്നത് ദൈവഹിതത്തിനെതിരല്ല.

## പ്രാർത്ഥന

കാരുണ്യവാനായ യേശുവേ, അങ്ങയുടെ കൂദാശവചനത്താൽ രോഗികൾക്ക് ആശ്വാസവും സൗഖ്യവും നൽകി അനുഗ്രഹിക്കുന്നതിന് അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. എല്ലാ രോഗികൾക്കും ആധ്യാത്മിക രോഗശാന്തിയും പാപമോചനവും നൽകി നിത്യജീവനിലേക്ക് കടക്കുവാൻ വേണ്ട കൃപകൾ നൽകണമേ.

## ചോദ്യങ്ങൾ

1. രോഗീലേപനം എന്ന കൂദാശ സ്ഥാപിച്ചതെന്തിന്?
2. വിശുദ്ധഗ്രന്ഥം പുതിയനിയമത്തിൽ യേശുനാഥൻ രോഗികളെ സൗഖ്യപ്പെടുത്തുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.
3. രോഗീലേപന കൂദാശയുടെ ഫലങ്ങൾ എന്തെല്ലാം?
4. രോഗശാന്തിക്ക് ദൈവത്തിന്റെ കാരുണ്യവും, മനുഷ്യരുടെ വിശ്വാസവും ആവശ്യമാണെന്ന് പറയുന്നതെന്തുകൊണ്ട്?
5. അപ്പസ്തോലിക കാലഘട്ടത്തിൽ നിലനിന്നിരുന്ന രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാരീതി എപ്രകാരമുള്ളതായിരുന്നു?